15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1425 | 12-02-2025 - ൽ മറുപടിയ്ക്ക്

## അധിക തസ്തിക നിർണ്ണയ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അധിക തസ്തികകൾ എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കുമോ; | (എ) | 2024-25 അധ്യയന വർഷത്തിൽ സക്കൂളുകളിലെ അധിക തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (ബി) | 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിലെ കണക്കനുസരിച്ച് സർക്കാർ സ്കൂളിൽ കുട്ടികൾ കുറഞ്ഞതുമൂലം നഷ്ടപ്പെട്ട എൽ.പി.എസ്.എ., പി.റ്റി. ടീച്ചർ തസ്തികകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിലെ കണക്കനുസരിച്ച് സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞത് മൂലം നഷ്ടപ്പെട്ട എൽ.പി.എസ്.എ ടീച്ചർ തസ്തികകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് 2024-25 അധ്യയന വർഷത്തിൽ അധിക തസ്തികകളുള്ള പ്രൈമറി സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണവും പേരും വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് 2024-25 അധ്യയന വർഷത്തിൽ അധിക തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ അധിക തസ്തികകൾ അനുവദിച്ച ജില്ല തിരിച്ചുള്ള പ്രൈമറി സ്കൂളുകളുടെ പേരും എണ്ണവും ലഭ്യമാക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | 2022 മേയ് 31 -ന് നിലവിൽ വന്ന എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്ക് 2024-25 വർഷത്തെ തസ്തിക നിർണയത്തിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) | 2024-25 വർഷത്തെ അധിക തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | 2022 മേയ് 31 -ന് നിലവിൽ വന്ന എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിലുണ്ടാവുന്ന എച്ച്.എം പ്രൊമോഷൻ മൂലമുൾപ്പെടെയുണ്ടാവുന്ന എല്ലാ ഒഴിവുകളും, ആവശ്യമായ പ്രമോഷനുകൾ നടത്തി നിലവിലെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിലെ എൽ.പി.എസ്.എ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ആവശ്യമായ പ്രൊമോഷനുകൾ നടത്തി ഒഴിവുകളുടെ നിശ്ചിത ശതമാനം പി.എസ്.സി ക്ക റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം- 1**

| ക്രമ നമ്പർ | ജില്ല | എൽ.പി.എസ്.എ |
|---|---|---|
| 1. | തിരുവനന്തപുരം | 71 |
| 2 | കൊല്ലം | 58 |
| 3 | പത്തനംതിട്ട | 13 |
| 4 | ആലപ്പുഴ | 29 |
| 5 | ഇടുക്കി | 6 |
| 6 | എറണാകുളം | 20 |
| 7 | തൃശ്ശൂർ | 21 |
| 8 | പാലക്കാട് | 35 |
| 9 | മലപ്പുറം | 66 |
| 10 | വയനാട് | 14 |
| 11 | കോട്ടയം | 10 |
| 12 | കണ്ണൂർ | 26 |
| 13 | കാസർഗോഡ് | 34 |
| 14 | കോഴിക്കോട് | 44 |
| | **ആകെ** | **447** |